നം. സി.ഇ.ഇ/4050/2016/KEAM-2017/റ്റി.എ.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2017 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാ പരീക്ഷയുടെ മാർക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2017 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **27.05.2017** മുതൽ **08.06.2017** വരെ അവരുടെ യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ സമർപ്പിക്കുവാനും, മാർക്കുകൾ വെബ് പേജിൽ തിരുത്തേണ്ടി വന്നവരും ചില ബോർഡുകളിൽ നിന്നുള്ള മാർക്ക് ഡാറ്റ വെബ് പേജിൽ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ വെബ് പേജിൽ രേഖപ്പെടുത്തേണ്ടി വന്നവരും സ്വയം സാക്ഷ്യപ്പെടുത്തിയ 'മാർക്ക് ഡാറ്റ ഷീറ്റ്' ന്റെ പ്രിന്റൗട്ടും രണ്ടാം വർഷ യോഗ്യതാ പരീക്ഷ (പ്ലസ് ടു) യുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും **09.06.2017** നു മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്കു സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ച മാർക്ക് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **2017 ജൂൺ 13 വൈകുന്നേരം 5 മണി വരെ** ലഭ്യമാകും. അപേക്ഷാർത്ഥികൾ മേൽ വെബ്സൈറ്റിലെ **KEAM 2017 Candidate Portal** എന്ന ലിങ്ക് വഴി **ആപ്ലിക്കേഷൻ നമ്പരും, പാസ്സ്‌വേഡും നൽകി** അവരുടെ ഹോം പേജിൽ പ്രവേശിച്ച് '**Marks Verification**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക്, പഠിച്ച ബോർഡ്, പാസ്സായ വർഷം എന്നിവ പരിശോധിക്കേണ്ടതാണ്.

- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഒരോന്നിനും നേരെയുള്ള '**No Change**' ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം '**Verified and Found Correct**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്. ഇവർ രേഖകളൊന്നും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതില്ല.
- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/വിവരങ്ങൾക്ക് നേരെയുള്ള '**Change Required**' എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും അതിനു ശേഷം'**Verified and Found Mismatch**' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് **'Proforma for Change in Mark Data'** എന്ന പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി വിദ്യാർത്ഥി ഒപ്പിട്ട് മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം **14.06.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5-ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്.
- യോഗ്യതാ പരീക്ഷയുടെ മാർക്ക് സമർപ്പണവേളയിൽ വെബ് പേജിലെ മാർക്ക് വിവരങ്ങളിൽ തിരുത്തലുകൾ വരുത്തിയവരും, ചില ബോർഡുകളിൽ നിന്നുള്ള മാർക്ക് ഡാറ്റ വെബ് പേജിൽ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ വെബ് പേജിൽ രേഖപ്പെടുത്തേണ്ടി വന്നവരുമായ വിദ്യാർത്ഥികളിൽ 'മാർക്ക് ഡാറ്റ ഷീറ്റ്' ന്റെ പ്രിന്റൗട്ടും രണ്ടാം വർഷ യോഗ്യതാ പരീക്ഷ (പ്ലസ് ടു) യുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും നിശ്ചിത സമയത്തിനകം ഈ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടില്ലാത്ത വരും, സമർപ്പിച്ച രേഖകളിൽ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യാത്തതോ, ഉള്ളടക്കം ചെയ്തിരുന്ന മാർക്ക് ലിസ്റ്റിന്റെ പകർപ്പുകളിൽ അപാകതകൾ ഉള്ളവരോ ആയ വിദ്യാർത്ഥികളും വെബ്സൈറ്റിലെ ഹോം പേജിൽ പ്രവേശിച്ച് '**Marks Verification**' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ മാർക്ക് സമർപ്പണത്തിലെ അപാകതകൾ സൂചിപ്പിക്കുന്ന മെമ്മോ ദൃശ്യമാകും. ഈ വിദ്യാർത്ഥികൾ വെബ് പേജിൽ നിന്നും 'മാർക്ക് ഡാറ്റ ഷീറ്റ്' ന്റെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ട് രണ്ടാം വർഷ യോഗ്യതാ പരീക്ഷ (പ്ലസ് ടു) യുടെ മാർക്ക് ലിസ്റ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം **14.06.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്. മാർക്ക് സമർപ്പണത്തിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളുടെ ഫലം തടഞ്ഞുവയ്ക്കുന്നതാണ്.

**14.06.2017 വൈകുന്നേരം 5 മണിയ്ക്ക്** മുൻപ് ലഭിക്കുന്ന പരാതികൾ പരിഗണിച്ചശേഷമുള്ള മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2017 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പു വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അതിനായുള്ള രേഖകൾ നിശ്ചിത സമയത്തിനകം സമർപ്പിക്കാത്തവരുടെയും നിലവിലെ മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും മാർക്കുകളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികളോ രേഖകളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
10.06.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**